**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 107** **27-06-2022 - ൽ മറുപടിയ്ക്ക്**

**സ്ത്രീധനപീഡന കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2016 മുതൽ 2020 വരെ എത്ര സ്ത്രീധനപീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഇവയിൽ എത്ര കേസുകളിൽ അന്വേഷണം പൂർത്തീകരിച്ച് കുറ്റക്കാർക്ക് ശിക്ഷ ലഭിച്ചിട്ടുണ്ട്; | (എ) | 13678 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 245 കേസുകളിൽ കുറ്റക്കാർക്ക് ശിക്ഷ ലഭിച്ചിട്ടുണ്ട്. |
| (ബി) | 2021 മുതൽ നാളിതുവരെ എത്ര സ്ത്രീധന പീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി ശിക്ഷ നൽകിയിട്ടുണ്ട് ; | (ബി) | 7348 സ്ത്രീധന പീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 6 കേസുകളിൽ കുറ്റക്കാർക്ക് ശിക്ഷ ലഭിച്ചിട്ടുണ്ട്. |
| (സി) | 2021 മുതൽ സ്ത്രീധന പീഡന കേസുകളിൽ വലിയ വർധന ഉണ്ടാകാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ ; | (സി) | സർക്കാരിന്റെയും പോലീസ് വകുപ്പിന്റെയും സ്ത്രീധനത്തിനെതിരായ കാംപെയിനുകളും ബോധവൽക്കരണ ക്ലാസ്സുകളും ഇത്തരം പരാതികൾ നൽകുന്നതിനായി കേരള സർക്കാരിന്റെ നേതൃത്വത്തിൽ പോലീസ് വകുപ്പിന് കീഴിൽ നടപ്പിലാക്കിയ അപരാജിത ഹെൽപ്പ് ലൈനും പീഡനമനുഭവിക്കുന്നവർക്ക് പരാതികളുമായി മുന്നോട്ട് വരാൻ കൂടുതൽ അവസരവും ധൈര്യവുമേകിയതായി കാണുന്നു. |
| (ഡി) | സ്ത്രീധനത്തിന്റെ പേരിൽ പെൺകുട്ടികൾക്ക് ഗാർഹിക പീഡനമേൽക്കേണ്ടി വരുന്നത് തടയുവാൻ കർശന നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ ? | (ഡി) | സ്ത്രീധന നിരോധന നിയമം സംസ്ഥാനത്ത് കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ, കേരള സ്ത്രീധന നിരോധന ചട്ടം, 2004 ഭേദഗതി വരുത്തി വനിതാ ശിശു വികസന ഡയറക്ടറെ ചീഫ് സ്ത്രീധന നിരോധന ഓഫീസറായും 14 ജില്ലകളിലേയും ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായും നിയോഗിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ സ്ത്രീധന നിരോധന ഓഫീസർ കൺവീനർ ആയും ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് ആവശ്യമായ വിദഗ്ധോപദേശവും നിയമ സഹായവും നൽകുന്നതിനായി 5 അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ അഡ്വൈസറി |

ബോർഡുകളും രൂപീകരിച്ചിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥരുടെ ഇടയിലുള്ള സ്ത്രീധന സമ്പ്രദായം ഉന്മൂലനം ചെയ്യുന്നതിനായി സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ കൊടുക്കുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം എല്ലാ വകുപ്പുകളിലെയും വിവാഹിതരായ സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും വാങ്ങി റിപ്പോർട്ട് ചെയ്യാൻ വകുപ്പ് തലവൻമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. സ്ത്രീധനത്തിനെതിരെയുള്ള പരാതികൾ wcd.kerala.gov.in/dowry എന്ന പോർട്ടലിൽ റിപ്പോർട്ട് ചെയ്യാവുന്നതാണ്.

വനിതാശിശുവികസന വകുപ്പ്, 'കനൽ' കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പൊതു ജനങ്ങളിൽ Gender Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഡനങ്ങളെപ്പറ്റിയും, ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻ ബോധവൽക്കരണ ക്ലാസ്സ് നൽകിയിട്ടുണ്ട്. കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ലിംഗപദവി സമത്വത്തെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി ജൻറർ റിലേഷൻസ് ആന്റ് വിമൺ ലെജിസ്ളേഷനുകളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും കൂടാതെ, ലിംഗസമത്വം, സ്ത്രീസുരക്ഷ നിയമങ്ങൾ, സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നത്, വിവാഹധൂർത്ത് നിയന്ത്രിക്കുന്നത്, ശൈശവവിവാഹം നിരോധിക്കുന്നത് തുടങ്ങിയ വിഷയങ്ങൾ ടെക്നിക്കൽ/ നോൺ ടെക്നിക്കൽ കോളേജുകളിലെ കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന് കരിക്കുലം കമ്മിറ്റിക്ക് നിർദേശം നൽകിയിട്ടുമുണ്ട്. ഗാർഹിക പീഡനത്തിനിരയാകുന്ന വനിതകൾക്കും കുട്ടികൾക്കും സൗജന്യ നിയമ സഹായം, വൈദ്യസഹായം, വൊക്കേഷണൽ ട്രെയിനിംഗ്, ഷെൽട്ടർ ഹോമുകളിലേയ്ക്കുള്ള റഫറൻസ്, പോലീസിന്റെ സഹായം, ഗാർഹിക പീഡന നിയമത്തെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ, കൗൺസിലിംഗ് എന്നിവ നൽകുന്നതിന് കേരളത്തിലെ 14 ജില്ലകളിലായി നിലവിൽ 83 സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ ഗാർഹിക പീഡനങ്ങൾക്കിരയാകുന്ന വനിതകൾക്ക് സൗജന്യ ഭക്ഷണം, സൗജന്യ താമസ സൗകര്യം, സൗജന്യ വസ്ത്രം, കൗൺസിലിംഗ്, സൗജന്യ നിയമ സഹായം,

വൈദ്യ സഹായം, തൊഴിൽ അധിഷ്ഠിത പരിശീലനം, കുട്ടികളുടെ സംരക്ഷണത്തിനും പഠനത്തിനുമുള്ള സൗകര്യങ്ങൾ എന്നീ സേവനങ്ങൾ ഷെൽട്ടർ ഹോം മുഖേന നൽകുന്നു.

ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകളേയും കുട്ടികളെയുമാണ് (പെൺകുട്ടികളേയും 12 വയസ്സിന് താഴെ പ്രായമുള്ള ആൺകുട്ടികളേയും) ഈ സ്ഥാപനങ്ങളിൽ താൽക്കാലികമായി (പരമാവധി രണ്ട് വർഷം വരെ)താമസിപ്പിക്കുന്നത്. സംസ്ഥാനത്ത് നിലവിൽ 11 ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചുവരുന്നു. ഗാർഹിക പീഡനത്തിനിരയാകുന്ന പല സ്ത്രീകൾക്കും സാങ്കേതിക വിദ്യയിൽ പരിജ്ഞാനമില്ലാത്തതിനാലും കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിലും ഇത്തരത്തിലുള്ള സ്ത്രീകൾക്ക് സൗജന്യമായി പരാതി നൽകുന്നതിനുള്ള സംവിധാനമെന്നനിലയിൽ തപാൽ വകുപ്പും വനിതാ ശിശുവികസന വകുപ്പും സഹകരിച്ച 'രക്ഷാദൂത്' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഗാർഹിക പീഡനം, ജന്റർ ബേസ്ഡ് അതിക്രമങ്ങൾ എന്നിവ തടയുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന പരിപാടിയാണ് പ്രി ആൻറ് പോസ്റ്റ് മാരിറ്റൽ കൗൺസിലിംഗ്. കേരള സംസ്ഥാന സോഷ്യൽ വെൽഫെയർ ബോർഡിന് കീഴിൽ 38 ഫാമിലി കൗൺസിലിംഗ് സെൻററുകൾ വനിതാ ശിശു വികസന വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിച്ചുവരുന്നു. സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി ‘കാതോർത്ത് ’എന്ന ഓൺലൈൻ കൺസൾട്ടൻസി വകുപ്പ് നടപ്പിലാക്കിവരുന്നു. ലിംഗപദവി അസമത്വം തടയുന്നതിന്റെ ഭാഗമായി ” ഇനി വേണ്ട വിട്ടു വീഴ്ച " ക്യാമ്പയിൻ സോഷ്യൽ മീഡിയ വഴി നടപ്പിലാക്കിവരുന്നു. സ്ത്രീസംരക്ഷണ നിയമങ്ങളായ സ്ത്രീധന നിരോധന നിയമം, ഗാർഹിക പീഡന നിരോധന നിയമം,തൊഴിലിടങ്ങളിലെ സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക പീഡനങ്ങൾ തടയുന്നതിനുള്ള സംരക്ഷണ നിയമം, വിവിധ സൈബർ നിയമങ്ങൾ എന്നിവയെക്കുറിച്ച് പൊതു സമൂഹത്തിന് നിരവധി ബോധവത്ക്കരണ ക്ലാസ്സുകൾ കേരള വനിതാ കമ്മീഷൻ സംഘടിപ്പിച്ച വരുന്നു. ഭരണഘടനാപരമായ സ്ത്രീയുടെ അവകാശങ്ങൾ സംബന്ധിച്ച് അറിവ് പകർന്നു നൽകുന്നതിന് സെമിനാറുകൾ / വെബിനാറുകൾ, യുവതലമുറ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ തരണം ചെയ്യുവാൻ ലിംഗസമത്വം വളർത്തുന്നതിനും അവരെ

| | | | |
|---|---|---|---|
| | | | സഹായിക്കുന്നതിനും ഹയർ സെക്കൻഡറി സ്കൂളുകളിലും കോളേജുകളിലും കലാലയജ്യോതി പരിപാടികൾ വർദ്ധിച്ചു വരുന്ന വിവാഹ മോചനങ്ങളും വിവാഹേതര ബന്ധങ്ങളും തടയുന്നതിന് യുവതി യുവാക്കൾക്ക് പ്രീമാരിറ്റൽ കൗൺസിലിംഗ്, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് വേണ്ടി രൂപീകരിച്ചിട്ടുള്ള പഞ്ചായത്ത്/ മുനിസിപ്പാലിറ്റി കോർപ്പറേഷൻതല ജാഗ്രതാസമിതിയിലെ അംഗങ്ങൾക്ക് പരിശീലനം, സ്ത്രീശാക്തീകരണവുമായി ബന്ധപ്പെട്ട നിൽക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങൾ എൻ.ജി.ഒ എന്നിവരെ ഉൾക്കൊള്ളിച്ച് മുഖാമുഖം തുടങ്ങിയ ബോധവത്ക്കരണ പരിപാടികളും കമ്മിഷൻ നടത്തിവരുന്നു.<br><br>സ്ത്രീകൾക്ക് നേരെ സ്ത്രീധനത്തിന്റെ പേരിലും അല്ലാതെയുള്ളമുള്ള ഗാർഹിക പീഡനങ്ങൾ കർശനമായി തടയുന്നതിന് ജനമൈത്രി പോലീസ് മുഖാന്തിരം വിവരങ്ങൾ ശേഖരിക്കുകയും ശ്രദ്ധയിൽപ്പെടുന്ന സംഭവങ്ങളിലെ പീഡിതർക്ക് ആവശ്യമായ ധൈര്യം നൽകി നിയമസഹായം ഉറപ്പുവരുത്തുവാൻ ശ്രമിക്കുന്നുണ്ട്. സ്ത്രീധന പീഡനം സംബന്ധിച്ച പരാതികളിൽ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. Domestic Conflict Resolution Centre പ്രോജക്ട് വഴി വരുന്ന പരാതികളിന്മേൽ കൗൺസിലിംഗ് ആവശ്യമുള്ള സ്ത്രീകൾക്കും കുട്ടികൾക്കും ആയത് നൽകി വരുന്നുണ്ട്. ഇതിനു പുറമേ സ്ത്രീധനവുമായി ബന്ധപ്പെട്ട ഉപദ്രവങ്ങൾ, സൈബർ ലോകത്തിലെ അതിക്രമങ്ങൾ, പൊതുയിടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള പോലീസ് രൂപം നൽകിയ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021 ജൂലൈ 19-ന് നിലവിൽ വന്നു |

സെക്ഷൻ ഓഫീസർ